പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4041     03.02.2014-ൽ മറുപടി നൽകേണ്ടിയിരുന്നത്

## നവജാത ശിശുക്കളിലെ ജനിതക രോഗങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീമതി. കെ. എസ്. സലീഖ : | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) നവജാത ശിശുക്കളിലെ ജനിതക രോഗങ്ങൾ കണ്ടുപിടിക്കാനും ചികിൽസ നൽകാനും സർക്കാർ ആശുപത്രികളിൽ നിലവിൽ എന്തെല്ലാം സംവിധാനമുണ്ട് ; | (എ) | നവജാത ശിശുക്കളിലെ ജനിതക വൈകല്യങ്ങൾ മുൻകൂട്ടി കണ്ടുപിടിച്ച് കൃത്യ സമയത്ത് തന്നെ ചികിത്സ നൽകുന്നതിനായി സംസ്ഥാനത്തെ എല്ലാ ജില്ലകളിൽ നിന്നുമായി തെരഞ്ഞെടുത്ത 44 സർക്കാർ ആശുപത്രികളിൽ ജനിക്കുന്ന കുട്ടികളുടെ രക്തസാമ്പിളുകളാണ് ആദ്യ ഘട്ടത്തിൽ പരിശോധിക്കുന്നത്. ടി കുട്ടികളുടെ രക്തസാമ്പിൾ ആശുപത്രിയിൽ നിന്ന് ശേഖരിച്ച് പരിശോധനയ്ക്ക് ഗവൺമെന്റ് പബ്ലിക് ഹെൽത്ത് ലാബുകളിലേക്ക് അയക്കുകയും റിസൽറ്റ് അതാത് ആശുപത്രികളിലേക്ക് കൈമാറുകയും ടെസ്റ്റ് ഫലം പോസിറ്റീവ് ആകുന്ന കുഞ്ഞുങ്ങളെ വിദഗ്ധ ചികിത്സയ്ക്കായി മെഡിക്കൽ കോളേജുകളിലേക്ക് റഫർ ചെയ്യുകയും ചെയ്യുന്നു. |
| (ബി) ഇത് ഏതെല്ലാം ആശുപത്രികളിൽ പ്രവർത്തനക്ഷമമാണ് എന്ന് വ്യക്തമാക്കുമോ ; | (ബി) | ആദ്യഘട്ടമെന്ന നിലയിൽ സംസ്ഥാനത്തെ താഴെ പറയുന്ന ആശുപത്രികളിൽ ജനിക്കുന്ന കുട്ടികളുടെ രക്തസാമ്പിളുകളാണ് പരിശോധിച്ചു വരുന്നത്.<br><br>**<u>തിരുവനന്തപുരം ജില്ല</u>**<br>എസ്.എ.റ്റി. തിരുവനന്തപുരം, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി തൈക്കാട്, ജില്ലാ മോഡൽ ആശുപത്രി പേരൂർക്കട, താലൂക്ക് ആശുപത്രി ചിറയിൻകീഴ്, താലൂക്ക് ആശുപത്രി നെടുമങ്ങാട്.<br>**<u>കൊല്ലം ജില്ല</u>**<br>ഗവൺമെന്റ് വിക്ടോറിയ ആശുപത്രി കൊല്ലം, താലൂക്ക് ആശുപത്രി കൊട്ടാരക്കര, താലൂക്ക് ആശുപത്രി പുനലൂർ, താലൂക്ക് ആശുപത്രി കരുനാഗപ്പള്ളി.<br>**<u>ആലപ്പുഴ ജില്ല</u>**<br>മെഡിക്കൽ കോളേജ് (പി.പി. യൂണിറ്റ്), സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി ആലപ്പുഴ, താലൂക്ക് ആശുപത്രി ചേർത്തല. |

<u>പത്തനംതിട്ട ജില്ല</u>

ജനറൽ ആശുപത്രി പത്തനംതിട്ട, ജനറൽ ആശുപത്രി അടൂർ, ജില്ലാ ആശുപത്രി കോഴഞ്ചേരി.

<u>ഇടുക്കി ജില്ല</u>

താലൂക്ക് ആശുപത്രി അടിമാലി, താലൂക്ക് ആശുപത്രി നെടുംകണ്ടം, താലൂക്ക് ആശുപത്രി തൊടുപുഴ.

<u>കോട്ടയം ജില്ല</u>

മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ കോട്ടയം, ജില്ലാ ആശുപത്രി കോട്ടയം.

<u>എറണാകുളം ജില്ല</u>

ജനറൽ ആശുപത്രി എറണാകുളം, താലൂക്ക് ആശുപത്രി ആലുവ, താലൂക്ക് ആശുപത്രി നോർത്ത് പറവൂർ

<u>തൃശ്ശൂർ ജില്ല</u>

ജില്ലാ ആശുപത്രി തൃശ്ശൂർ, താലൂക്ക് ആശുപത്രി കൊടുങ്ങല്ലൂർ, മെഡിക്കൽ കോളേജ് ആശുപത്രി തൃശ്ശൂർ.

<u>പാലക്കാട് ജില്ല</u>

ജില്ലാ ആശുപത്രി പാലക്കാട്,താലൂക്ക് ആശുപത്രി മണ്ണാർക്കാട്

<u>മലപ്പുറം ജില്ല</u>

ജില്ലാ ആശുപത്രി മഞ്ചേരി, താലൂക്ക് ആശുപത്രി നിലമ്പൂർ, താലൂക്ക് ആശുപത്രി പെരിന്തൽമണ്ണ, താലൂക്ക് ആശുപത്രി തിരൂർ, താലൂക്ക് ആശുപത്രി പൊന്നാനി.

<u>കോഴിക്കോട് ജില്ല</u>

മെഡിക്കൽ കോളേജ് ആശുപത്രി കോഴിക്കോട്, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി കോഴിക്കോട്, താലൂക്ക് ആശുപത്രി കുറ്റ്യാടി, താലൂക്ക് ആശുപത്രി താമരശ്ശേരി.

<u>വയനാട് ജില്ല</u>

ജില്ലാ ആശുപത്രി മാനന്തവാടി, താലൂക്ക് ആശുപത്രി ബത്തേരി.

<u>കണ്ണൂർ ജില്ല</u>

ജില്ലാ ആശുപത്രി കണ്ണൂർ, ജനറൽ ആശുപത്രി തലശ്ശേരി, താലൂക്ക് ആശുപത്രി തളിപ്പറമ്പ്.

<u>കാസറഗോഡ് ജില്ല</u>

ജനറൽ ആശുപത്രി കാസറഗോഡ്, ജില്ലാ ആശുപത്രി കാഞ്ഞങ്ങാട്.

| | |
|---|---|
| (സി) സംസ്ഥാനത്ത് നടപ്പുവർഷം പ്രസ്തുത ചികിൽസയ്ക്ക് എത്ര ശിശുക്കൾ എത്തി ; അവർക്ക് തുടർചികിൽസ നൽകുന്നുണ്ടോ ; | (സി) ഇതുവരെ 50,000 കുട്ടികളുടെ രക്ത സാമ്പിളുകൾ ശേഖരിച്ച് 40,000 -ത്തോളം ടെസ്റ്റ് ചെയ്യുകയുണ്ടായി. ഇതിൽ 25 കുഞ്ഞുങ്ങളിൽ കൺജനിറ്റൽ ഹൈപ്പൊതൈറോയിഡിസം സ്ഥിരീകരിച്ചിട്ടുണ്ട്. തുടർ ചികിത്സകൾ നൽകി വരുന്നുണ്ട്. |

(....3)

| | | | |
|---|---|---|---|
| (ഡി) | ഇതിനായുള്ള 'സ്ക്രീനിംഗ് ടെസ്റ്റ് ' ഏതെല്ലാം സർക്കാർ ആശുപത്രികൾ വഴി നൽകി വരുന്നു ; ഇവ ഫല പ്രദമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ; | (ഡി) | ടി സ്ക്രീനിംഗ് ടെസ്റ്റ് ആദ്യഘട്ടമെന്ന നിലയിൽ സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് & ക്ലിനിക്കൽ ലബോറട്ടറി തിരുവനന്തപുരം, റീജിയണൽ പബ്ലിക് ഹെൽത്ത് ലാബ് എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നീ സ്ഥാപനങ്ങളിൽ ഫലപ്രദമാക്കി നടത്തി വരുന്നു. |
| (ഇ) | പ്രസ്തുത വിഭാഗം കുട്ടികൾക്ക് പൊതുവെ കണ്ടുവരുന്ന രോഗങ്ങൾ എന്തെല്ലാം ; | (ഇ) | കൺജനിറ്റൽ ഹൈപ്പൊതൈറോയിഡിസം, കൺജനിറ്റൽ അൾട്ടിനാൽ ഹൈപ്പർ പ്ലേസിയ, ഗ്ലൂക്കോസ്-6-ഫോസ്റ്റേറ്റ് ഡി ഹൈഡ്രോജനേസ് ഡെഫിഷ്യൻസി, ഫിനൈൽ കെറ്റോന്യൂറിയ എന്നീ രോഗങ്ങൾ ന്യൂബോൺ സ്ക്രീനിംഗ് ടെസ്റ്റുകളിലൂടെ കണ്ടുപിടിക്കാവുന്നതാണ്. ലാബിലെ ടെസ്റ്റ് റിസൽറ്റിന്റെ അടിസ്ഥാനത്തിൽ കൺജനിറ്റൽ ഹൈപ്പോതൈറോയിഡിസം ആണ് ഏറ്റവും കൂടുതലായി കാണുന്നത്. |
| (എഫ്) | ഇത്തരം രോഗികൾക്ക് മരുന്നും ചികിൽസയും സൗജന്യമാണോ ; | (എഫ്) | ആണ്. |
| (ജി) | ഇല്ലെങ്കിൽ ചികിൽസയും മരുന്നും സൗജന്യമായി എ.പി.എൽ/ബി.പി.എൽ വ്യത്യാസമില്ലാതെ നൽകുമോ ; വിശദാംശം വ്യക്തമാക്കാമോ ; | (ജി) | ഇത്തരം രോഗികൾക്ക് മരുന്നും ചികിൽസയും എ.പി.എൽ / ബി.പി.എൽ വ്യത്യാസമില്ലാതെ സൗജന്യമാണ്. |
| (എച്ച്) | ഇതിന്റെ ചെലവിനായി നടപ്പുവർഷം എന്തു തുക വകയിരുത്തി ; എന്തു തുക അനുവദിച്ചു ; എന്തു തുക ചെലവാക്കി ; വിശദമാക്കുമോ ? | (എച്ച്) | ന്യൂബോൺ സ്ക്രീനിംഗ് പ്രോഗ്രാമിനായി 2013-14 -ൽ ആരോഗ്യ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പ്രോഗ്രാമിന്റെ പ്രവർത്തനങ്ങൾക്കായി ടെസ്റ്റ് കിറ്റ് റീയേജന്റ് തുടങ്ങിയ അനുബന്ധ സാധനങ്ങൾ വാങ്ങുന്നതിനായി 50 ലക്ഷം രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിലേക്ക് സർക്കാർ അനുമതി ലഭിച്ചതനുസരിച്ച് മാറ്റിയിട്ടുണ്ട്. എൻ.ആർ.എച്ച്.എം.-ൽ നിന്ന് അനുവദിച്ചിട്ടുള്ള 98 ലക്ഷം രൂപയിൽ 77.5 ലക്ഷം രൂപയും ഈ ആവശ്യത്തിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിലേക്ക് കൈമാറിയതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. ഈ പ്രോജക്ടിന്റെ നടത്തിപ്പിനായി പബ്ലിക് ഹെൽത്ത് ലാബിൽ അധികമായി നിയമിച്ചിട്ടുള്ള ലാബ് ടെക്നീഷ്യൻമാർ, വാർഡ് ഹെൽപ്പർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവരുടെ ശമ്പളം എൻ.ആർ.എച്ച്.എം. ഫണ്ട് വഴിയാണ് നൽകി വരുന്നത്. സംസ്ഥാന പ്ലാൻ ഫണ്ടിലെ ബാക്കി 50 ലക്ഷം രൂപ ഉപയോഗിച്ച് ലബോറട്ടറികളിലേക്കുള്ള ഉപകരണങ്ങൾ വാങ്ങാനുള്ള നടപടി ക്രമങ്ങൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ